# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ **2007** **04.11.2019** ൽ മറുപടിക്ക്

### ഒഴിഞ്ഞുകിടക്കുന്ന ഐ.എ.എസ്, ഐ.പി.എസ് തസ്തികകൾ

**ചോദ്യം:**

**ശ്രീ. മുല്ലക്കര രത്നാകരൻ**

**ഉത്തരം :**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ഐ.എ.എസ്., ഐ.പി.എസ് കേഡറിലെ തസ്തികകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ അംഗീകൃത കേഡർ സ്ട്രെങ്ത് 231 ഉം ഐ.പി.എസിന്റേത് 172 ഉം ആണ്. സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള 126 ഐ.എ.എസ്. കേഡർ തസ്തികകളിൽ 49 എണ്ണവും 94 ഐ.പി.എസ് കേഡർ തസ്തികകളിൽ 41 എണ്ണവും ഒഴിഞ്ഞുകിടപ്പുണ്ട്.

ഐ.എ.എസ്-ൽ ഒഴിവുള്ള 49 കേഡർ തസ്തികകളിൽ 45 തസ്തികകളിലും ഐ.പി.എസ്-ൽ ഒഴിവുള്ള 41 കേഡർ തസ്തികകളിൽ 6 തസ്തികകളിലും അധിക ചുമതല നൽകിയിട്ടുള്ളതിനാൽ നിലവിൽ ഐ.എ.എസിലും ഐ.പി.എസിലുമായി യഥാക്രമം 4 ഉം, 35 ഉം കേഡർ തസ്തികകൾ മാത്രമാണ് ഫലത്തിൽ ഒഴിഞ്ഞ് കിടക്കുന്നത്.

നിലവിലുള്ള കേഡർ തസ്തികകൾക്ക് പുറമെ ഐ.എ.എസ്-ൽ 31 ഉം ഐ.പി.എസ്-ൽ 33 ഉം എക്സ്-കേഡർ തസ്തികകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ